**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6444** **10-11-2021 - ൽ മറുപടിയ്ക്ക്**

**ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു കിട്ടാത്തതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അമ്പത് വർഷങ്ങൾക്ക് മുൻപ് തമിഴ്നാട്ടിൽ നിന്നും മറ്റും വന്ന് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് തലമുറകളായി സംസ്ഥാനത്ത് സ്ഥിരതാമസക്കാരായവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ച് കിട്ടാത്തതുമൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ജന്മനാട്ടിൽ നിന്നും ഓൺലൈൻവഴി മുൻതലമുറക്കാരുടെ ജാതി സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾക്കുശേഷം ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറുകയും ഇവിടെ സ്ഥിര താമസമാക്കുകയും ചെയ്ത പട്ടിക ജാതി / പട്ടിക ഗോത്ര വർഗ്ഗ വിഭാഗങ്ങളുടെ വിഷയത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് 12.02.1986-ലെ സ.ഉ.(കൈ).10/86/SCSTDD നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. അപേക്ഷകന്റെ മാതാപിതാക്കളോ പൂർവ്വികരോ 1950-ലെ പ്രസിഡൻഷ്യൽ ഓർഡറിനു മുൻപ് ഈ സംസ്ഥാനത്ത് കുടിയേറി സ്ഥിര താമസമാക്കിയവരാകുകയും അവരുടെ സമുദായം ഈ സംസ്ഥാനത്തെ SC/ST പട്ടികയിൽ ഉൾപ്പെട്ടതാവുകയും ചെയ്താൽ അങ്ങനെയുള്ളവർ ഈ സംസ്ഥാനത്തു നിന്ന് അപ്രകാരമുള്ള സർട്ടിഫിക്കറ്റിനും അർഹരായിരിയ്ക്കും. എന്നാൽ 1950-നു മുൻപ് കുടിയേറിയവരിൽ ഈ സംസ്ഥാനത്തെ SC/ST പട്ടികയിൽ ഉൾപ്പെടാതെ വരുന്നവർക്ക് ഈ സംസ്ഥാനത്തു നിന്നുള്ള SC/ST ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടാവുകയില്ല. കൂടാതെ 1950 ന് ശേഷം ഈ സംസ്ഥാനത്തേക്ക് കുടിയേറി താമസിച്ച SC/ST വിഭാഗക്കാർക്ക് അവരുടെ സമുദായം ഈ സംസ്ഥാനത്തെ SC/ST വിഭാഗത്തിൽ ഉൾപ്പെടുന്നുണ്ട് എങ്കിൽ പോലും ഈ സംസ്ഥാനത്തു നിന്ന് SC/ST ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുകയില്ല. അപേക്ഷകൻ ഹാജരാക്കുന്ന മതിയായ രേഖകളുടെയും പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ് SC/ST സർട്ടിഫിക്കറ്റ് |

| | | | |
|---|---|---|---|
| | | | അനുവദിച്ചു വരുന്നത്. ജന്മനാട്ടിൽ നിന്നും ഓൺലൈൻ വഴി മുൻതലമുറക്കാരുടെ ജാതി സർട്ടിഫിക്കറ്റോ റിപ്പോർട്ടോ ലഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആവശ്യമായ പരിശോധനകൾക്കും അന്വേഷണങ്ങൾക്കും ശേഷം ഇവർക്ക് ജാതി സർട്ടിഫിക്കറ്റ് അനുവദിച്ചു നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ